**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 196** **12-10-2021 - ൽ മറുപടിയ്ക്ക്**

**പൊതുമേഖല സ്ഥാപനങ്ങളുടെ നവീകരണവും വൈവിദ്ധ്യവൽക്കരണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി,<br>ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. എൻ.കെ. അക്ബർ** | | **Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖല സ്ഥാപനങ്ങളിൽ ലാഭകരമായി പ്രവർത്തിക്കുന്നവ ഏതെല്ലാമാണെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 19 പൊതുമേഖലാ സ്ഥാപനങ്ങൾ നിലവിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവയാണ്. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | നഷ്ടത്തിൽ പ്രവർത്തിക്കുന്നവ എത്രയെണ്ണമുണ്ട്; തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങളെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; ഇവയുടെ പ്രവർത്തനം ലാഭത്തിലെത്തിക്കുന്നതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; | (ബി) | വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളിൽ 30 പൊതുമേഖലാസ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നവയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തന-ങ്ങളും നിലവിലെ സ്ഥിതിയും ഭാവി പദ്ധതികളെ സംബന്ധിച്ചും മൊത്തത്തിൽ അവലോകനം ചെയ്യുകയുണ്ടായി. സാങ്കേതിക രംഗത്ത് ഉൾപ്പെടെ സമസ്ത മേഖലകളിലും ഉണ്ടായികൊണ്ടിരിക്കുന്ന മാറ്റങ്ങളെ ഉൾകൊണ്ടു കൊണ്ട് സ്ഥാപനങ്ങൾ കൂടുതൽ മത്സരക്ഷമമാകേണ്ടതുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദന വിപണന സംവിധാനങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുവാൻ ഓരോ സ്ഥാപനത്തിനും അനുയോജ്യമായ ആധുനികവത്ക്കരണ, വിപുലീകരണ, വൈവിദ്ധ്യവത്ക്കരണ പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ്റ്റർ പ്ലാനുകൾ കമ്പനി തലത്തിൽ തയ്യാറാക്കിയിട്ടുണ്ട്. ഓരോ പൊതുമേഖലാ സ്ഥാപനത്തിലേയും മാനേജിംഗ് ഡയറക്ടർമാർ തയ്യാറാക്കുന്ന കരട് മാസ്റ്റർപ്ലാനുകളിന്മേൽ ഉന്നതതല നിർദ്ദേശങ്ങളും കമ്പനികളുടെ ഉദ്യോഗസ്ഥരുടെയും യൂണിയൻ പ്രതിനിധികളുടെയും വിദഗ്ധരുടെയും |

| | | | |
|---|---|---|---|
| | | | അഭിപ്രായങ്ങളും പരിഗണിച്ച് തയ്യാറാക്കുന്ന മാസ്റ്റർ പ്ലാനുകൾ സർക്കാരിന് സമർപ്പിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. മാസ്റ്റർ പ്ലാനുകൾ സർക്കാർ അംഗീകരിച്ച് കഴിഞ്ഞാൽ അതിനെ അടിസ്ഥാന- മാക്കിയായിരിക്കും സ്ഥാപനങ്ങളുടെ വരും വർഷങ്ങളിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നത്. വിപണിയിൽനിന്നും നേരിടുന്ന കടുത്ത മത്സരം അതിജീവിക്കത്തക്ക വിധത്തിൽ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തി- പ്പെടുത്തുന്നതിനായി ഉൽപ്പാദന സേവന സംവിധാനങ്ങളിൽ കാലാനുസൃതമായ നവീകരണ പ്രവർത്തനങ്ങൾ നടത്തുവാൻ സർക്കാർ പ്രത്യേക ശ്രദ്ധ നൽകി വരുന്നുണ്ട്. ഇതിനായി പ്രത്യേക സാമ്പത്തിക സഹായം ബഡ്ജറ്റിൽ വകയിരുത്തി നൽകുന്നുണ്ട്. പ്രവർത്തന മൂലധനത്തിന് അപര്യാപ്തത നേരിടുന്ന സ്ഥാപനങ്ങൾക്കും പ്രത്യേകം തുക ബഡ്ജറ്റിൽ വകയിരുത്തി നൽകുന്ന-തിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചു വരുന്നു. കൂടാതെ സ്ഥാപനങ്ങളുടെ പ്രവർത്തന-ങ്ങളിൽ കൂടുതൽ കാര്യക്ഷമതയും സുതാര്യതയും ഉറപ്പ് വരുത്തുന്നതിനായി അതാത് മേഖലയിൽ വിദഗ്ധരായവരെ കമ്പനി മേധാവികളായി നിയമിക്കുന്നതിന് കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് മുഖേന നടപടികൾ പുരോഗമിക്കുന്നു. കൂടാതെ ഡയറക്ടർ ബോർഡുകളിൽ വിദഗ്ധരെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥാപനങ്ങളിൽ ജീവനക്കാരുടെ നിയമനം സുതാര്യമായി നടത്തുന്നതിനായി പ്രത്യേകം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്ന നടപടികൾ പുരോഗമിച്ചുവരികയാണ്. കൂടാതെ സ്ഥാപന മേധാവികളുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനായി രാജ്യത്തെ മികച്ച മാനേജ്മെന്റ് സ്ഥാപനങ്ങളിൽ പരിശീലനം നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടേതു പോലെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്കും വിവിധ പ്രവർത്തന ഘടകങ്ങളുടെയും പ്രവർത്തന മികവുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങളുടെയും അടി- സ്ഥാനത്തിൽ വിവിധ കാറ്റഗറികളായി തിരിച്ച് കൂടുതൽ ഉത്തരവാദിത്വങ്ങൾ നൽകുന്നതിനുള്ള സാധ്യതകൾ സർക്കാർ പരിശോധിച്ച് വരുന്നുണ്ട്. കൂടാതെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെയും സുതാര്യമാക്കുന്നതിന്റെയും ഭാഗമായി നൂതന ഇലക്ട്രോണിക് ഗവേണൻസ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഇത്തരത്തിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്നവയുടെ ഭരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനും തൊഴിലാളികളുടെ സഹകരണത്തോടെ നവീകരണവും വൈവിദ്ധ്യവൽക്കരണവും വഴി അവയെ പുനരുദ്ധരിക്കുന്നതിന് നടത്തുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) | വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളിൽ 30 പൊതുമേഖലാസ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നവയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തന-ങ്ങളും നിലവിലെ സ്ഥിതിയും ഭാവി പദ്ധതികളെ സംബന്ധിച്ചും മൊത്തത്തിൽ അവലോകനം ചെയ്യുകയുണ്ടായി. സാങ്കേതിക രംഗത്ത് ഉൾപ്പെടെ സമസ്ത മേഖലകളിലും ഉണ്ടായികൊണ്ടിരിക്കുന്ന മാറ്റങ്ങളെ ഉൾകൊണ്ടു കൊണ്ട് സ്ഥാപനങ്ങൾ കൂടുതൽ മത്സരക്ഷമമാകേണ്ടതുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദന വിപണന സംവിധാനങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുവാൻ ഓരോ സ്ഥാപനത്തിനും അനുയോജ്യമായ ആധുനികവത്ക്കരണ, വിപുലീകരണ, വൈവിദ്ധ്യവത്ക്കരണ പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ്റ്റർ പ്ലാനുകൾ കമ്പനി തലത്തിൽ തയ്യാറാക്കിയിട്ടുണ്ട്. ഓരോ പൊതുമേഖലാ സ്ഥാപനത്തിലേയും മാനേജിംഗ് ഡയറക്ടർമാർ തയ്യാറാക്കുന്ന കരട് മാസ്റ്റർപ്ലാനുകളിന്മേൽ ഉന്നതതല നിർദ്ദേശങ്ങളും കമ്പനികളുടെ ഉദ്യോഗസ്ഥരുടെയും യൂണിയൻ പ്രതിനിധികളുടെയും വിദഗ്ദ്ധരുടെയും അഭിപ്രായങ്ങളും പരിഗണിച്ച് തയ്യാറാക്കുന്ന മാസ്റ്റർ പ്ലാനുകൾ സർക്കാരിന് സമർപ്പിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. മാസ്റ്റർ പ്ലാനുകൾ സർക്കാർ അംഗീകരിച്ച് കഴിഞ്ഞാൽ അതിനെ അടിസ്ഥാന- മാക്കിയായിരിക്കും സ്ഥാപനങ്ങളുടെ വരും വർഷങ്ങളിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നത്. വിപണിയിൽനിന്നും നേരിടുന്ന കടുത്ത മത്സരം അതിജീവിക്കത്തക്ക വിധത്തിൽ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തി- പ്പെടുത്തുന്നതിനായി ഉൽപ്പാദന സേവന സംവിധാനങ്ങളിൽ കാലാനുസൃതമായ നവീകരണ പ്രവർത്തനങ്ങൾ നടത്തുവാൻ സർക്കാർ പ്രത്യേക ശ്രദ്ധ നൽകി വരുന്നുണ്ട്. ഇതിനായി പ്രത്യേക സാമ്പത്തിക സഹായം ബഡ്ജറ്റിൽ വകയിരുത്തി നൽകുന്നുണ്ട്. പ്രവർത്തന മൂലധനത്തിന് അപര്യാപ്തത നേരിടുന്ന സ്ഥാപനങ്ങൾക്കും പ്രത്യേകം തുക ബഡ്ജറ്റിൽ വകയിരുത്തി നൽകുന്ന-തിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചു വരുന്നു. കൂടാതെ സ്ഥാപനങ്ങളുടെ പ്രവർത്തന-ങ്ങളിൽ കൂടുതൽ കാര്യക്ഷമതയും സുതാര്യതയും ഉറപ്പ് |

| | | | |
|---|---|---|---|
| | | | വരുത്തുന്നതിനായി അതാത് മേഖലയിൽ വിദഗ്ധരായവരെ കമ്പനി മേധാവികളായി നിയമിക്കുന്നതിന് കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് മുഖേന നടപടികൾ പുരോഗമിക്കുന്നു. കൂടാതെ ഡയറക്ടർ ബോർഡുകളിൽ വിദഗ്ധരെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥാപനങ്ങളിൽ ജീവനക്കാരുടെ നിയമനം സുതാര്യമായി നടത്തുന്നതിനായി പ്രത്യേകം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്ന നടപടികൾ പുരോഗമിച്ചുവരികയാണ്. കൂടാതെ സ്ഥാപന മേധാവികളുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനായി രാജ്യത്തെ മികച്ച മാനേജ്മെന്റ് സ്ഥാപനങ്ങളിൽ പരിശീലനം നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടേതു പോലെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്കും വിവിധ പ്രവർത്തന ഘടകങ്ങളുടെയും പ്രവർത്തന മികവുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ വിവിധ കാറ്റഗറികളായി തിരിച്ച് കൂടുതൽ ഉത്തരവാദിത്വങ്ങൾ നൽകുന്നതിനുള്ള സാധ്യതകൾ സർക്കാർ പരിശോധിച്ച് വരുന്നുണ്ട്. കൂടാതെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെയും സുതാര്യമാക്കുന്നതിന്റെയും ഭാഗമായി നൂതന ഇലക്ട്രോണിക് ഗവേണൻസ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം-1

**ലാഭകരമായി പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങൾ**

| ക്രമ നമ്പർ | പൊതുമേഖലാസ്ഥാപനങ്ങൾ |
|---|---|
| 1 | The Kerala Minerals and Metals Ltd |
| 2 | Kerala State Drugs and Pharmaceuticals Ltd |
| 3 | Kerala State Electronics Development Corporation Ltd |
| 4 | Malabar Cements Ltd |
| 5 | Keltron Component Complex Ltd |
| 6 | Steel and Industrial Forgings Ltd |
| 7 | Steel Industrials Kerala Ltd |
| 8 | Keltron Electro Ceramics Ltd |
| 9 | The Malappuram Co-operative Spinning Mills Ltd |
| 10 | The Kerala Ceramics Ltd |
| 11 | Travancore Titanium Products Ltd |
| 12 | Kerala Artisans' Development Corporation Ltd |
| 13 | K.Karunakaran Memorial Co-operative Spinning Mills Ltd |
| 14 | Kerala Mineral Development Corporation Ltd |
| 15 | Priyadarshini Co-operative Spinning Mills Ltd |
| 16 | The Metal Industries Ltd |
| 17 | Kerala Cashew Board Limited |
| 18 | Coir Corporation Limited |
| 19. | Kerala State Industrial Development Corporation. |

Divya N

സെക്ഷൻ ഓഫീസർ